ദേശാഭിമാനി നഗര കാഴ്ച city



കത്തുന്നു കടലും ജീവിതവും

# വിസ്മൃതമായി ഈ മനോഹരതീരം

ആർ സാംബൻ

കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോട് വള്ളവിള സ്വദേശിയായ രാമൻ 47 കൊല്ലം മുമ്പാണ് തിരുവനന്തപുരം നഗരത്തോടു ചേർന്നു കിടക്കുന്ന പനത്തുറയിൽ എത്തിയത്. അമ്മയുടെ മരണത്തെ തുടർന്ന് അച്ഛൻ രണ്ടാം വിവാഹം കഴിച്ചപ്പോൾ നാടും വീടും ഉപേക്ഷിച്ച് തമിഴ്നാട്ടിൽനിന്ന് പോന്നതാണ്. കുഞ്ഞമ്മയെ വിവാഹം കഴിച്ച് പനത്തുറയിലേക്ക് അയച്ചിരുന്നു. അതുകൊണ്ടാണ് മേൽവിലാസം തേടിപ്പിടിച്ച് ഇവിടെയെത്തിയത്. പിന്നെ പനത്തുറക്കാരനായി.

ഇപ്പോൾ വയസ്സ് 67 കഴിഞ്ഞെങ്കിലും അന്നത്തെ പനത്തുറ കടലോരം രാമന്റെ ഓർമയിലുണ്ട്. ചുട്ടുപൊള്ളുന്ന പഞ്ചാര മണിലുടെ ഒരു കിലോമീറ്ററോളം നടന്നാൽ മാത്രമേ അന്നു കടലിലെത്താൻ കഴിഞ്ഞിരുന്നുള്ളൂ. കടലിൽ മീൻപിടിക്കുന്നവരെ കടപ്പുറത്തിനിപ്പുറം നിന്ന് നോക്കിയാൽ കാണാൻ കഴിഞ്ഞിരുന്നില്ല. കടപ്പുറത്തെ മണൽക്കൂമ്പാരങ്ങളായിരുന്നു കാരണം. മണലിനെപ്പറത്തി വീശിയടിക്കുന്ന കാറ്റിന്റെ കുസൃതികളും ഇടയ്ക്കിടെയുണ്ടാകും.

കോവളം കാണാനെത്തുന്നവർ അന്ന് പനത്തുറയിൽ പേകാതെ മടങ്ങില്ലായിരുന്നു. അത്രസുന്ദരമായിരുന്നു ഈ കടപ്പുറം. വൃത്തിയുള്ള ഈ മണൽപ്പരപ്പിലേക്ക് സന്ധ്യാസമയത്ത് സഞ്ചാരികളുടെ ഒഴുക്കായിരുന്നു. വേനൽക്കാലത്ത് ചൂടകറ്റാൻ പുലർച്ചവരെ കടൽക്കാറ്റേറ്റ് ഇവിടെ കിടന്ന് ഉറങ്ങിയിരുന്നവരും നിരവധി. സായാഹ്നങ്ങളിൽ കാൽപ്പന്തുകളിയും വോളിബോളും കടപ്പുറത്തെ ആവേശച്ചൂടിലാക്കും. ഓലകൊണ്ടു കെട്ടിയ കൂടാരങ്ങൾക്കുള്ളിൽരാഘവൻ ആശാന്റെയും ചെല്ലപ്പൻ ആശാന്റെയും നേതൃത്വത്തിൽ കളരിപ്പയറ്റിന്റെ ആരവങ്ങൾ.

ഉത്സവമേളങ്ങൾ നിറഞ്ഞിരുന്ന കടപ്പുറം ഇന്ന് പനത്തുറയിലില്ല. കടപ്പുറത്തെ നൂറുകണക്കിനു വീടുകൾ ഇതിനകം കടലെടുത്തു. കടൽക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്കായി നിർമിച്ചു നൽകിയ വീടുകളും ഇതിൽപ്പെടുന്നു. കടപ്പുറത്തെ മുരുകൻ ക്ഷേത്രത്തെ മൂന്നു തവണയാണ് കടലെടുത്തുത്. നാലാമത്തെ ക്ഷേത്രമാണ് ഇപ്പോൾ പനത്തുറയിലുള്ളത്. അതും കടലമ്മയുടെ ഭീഷണിയിലാണ്. പനത്തുറയിയിലെ മുസ്ലിം പള്ളിയും കടൽക്ഷോഭത്തിനിരയായി. പുതുക്കി നിർമിച്ച പള്ളിയ്ക്കും ഭീഷണി ഉയർത്തി തിരകൾ ആഞ്ഞുവീശുന്നു.

കരിങ്കൽ ഭിത്തി നിർമിച്ചാണ് ഇന്ന് തിരകളുടെ സംഹാരം താൽക്കാലികമായി തടഞ്ഞിരിക്കുന്നത്. ഇതുപോലെ മുമ്പും കല്ലുകൾ ഇട്ടിരുന്നെങ്കിലും അവയെല്ലാം തിരകൾ കൊണ്ടുപോയി. പുലിമുട്ട് നിർമിച്ചാൽ മാത്രമേ നഷ്ടപ്പെട്ട കര കുറച്ചെങ്കിലും തിരിച്ചുപിടിക്കാൻ കഴിയൂവെന്ന് മത്സ്യത്തൊഴിലാളികൾ ചൂണ്ടിക്കാട്ടുന്നു.

കടൽപ്പുറം ഇല്ലാതായയോടെ നൂറുകണക്കിനു മത്സ്യത്തൊഴിലാളികൾക്കാണ് അന്നം മുട്ടിയത്. കരിങ്കൽ ഭിത്തി അതിരിടുന്ന കടലിലേക്ക് വള്ളമിറക്കാൻ കഴിയുന്നില്ല. ചെറുപ്പം മുതൽ കടലിനോട് മല്ലിട്ട് ഉപജീവനം കണ്ടെത്തിയിരുന്ന പള്ളിനട വീട്ടിൽ രാജുവിന്റെ ജീവിതം ഇന്ന് ബുദ്ധിമുട്ടിലാണ്. കടലിൽ നിന്നുള്ള വരുമാനം ഇന്ന് ഇല്ല. രണ്ടു പെൺമക്കളുടെ വിവാഹം നടത്തിക്കഴിഞ്ഞപ്പോൾ വീട് വിൽക്കേണ്ടി വന്നു. പള്ളിനടയിൽ ശശി, പുത്തൻവീട്ടിൽ സുധാകരൻ തുടങ്ങി മത്സ്യബന്ധനത്തോട് വിട പറഞ്ഞവർ നിരവധി. വിഴിഞ്ഞത്തെ വിസ്മൃതമായിരുന്ന വിലിയ കടപ്പുറവും ഇന്ന് ഇല്ല. പഞ്ചാരമണൽ നിറഞ്ഞ കടപ്പുറത്തിന്റെ സമൃദ്ധി ചരുവളി കോളനിയിലെ മേരിദാസിൻെറ ഓർമകളിൽ നിറയുന്നു. കട്ടമരത്തിൽ അച്ഛനൊപ്പം മീൻപിടിക്കാൻപോയി തുടങ്ങുമ്പോൾ പത്ത് വയസ്സു മാത്രമായിരുന്നു മേരിദാസിന് . വലിയ കടപ്പുറത്തിന്റെ അര കിലോമീറ്ററോളം കടപ്പുറം ഇന്ന് കടലിന്റെ ഭാഗമായി മാറിക്കഴിഞ്ഞു.



രാമൻ

പനത്തുറയോട് ചേർന്നുകിടക്കുന്ന പൂന്തുറ, കൊച്ചിയിലെ വൈപ്പിനും ചെല്ലാനവും, ആലപ്പുഴയിലെ മാരാരിക്കുളം, കൊല്ലത്തെ ആലപ്പാട് തുടങ്ങിയ കടലോരങ്ങൾ തിരകളുടെ താണ്ഡവത്തിനിടയാകുന്നു. തീരങ്ങൾ കടലെടുക്കുന്നു. കടപ്പുറത്തെ കളിസ്ഥലങ്ങൾ ഇല്ലാതായി. വഞ്ചിയും വലയും സൂക്ഷിക്കാനും മത്സ്യങ്ങൾ ഉണങ്ങാനും ഇന്ന് പലയിടത്തും കടപ്പുറമില്ല.



## തീരങ്ങളും താപനത്തിന്റെ ഇര

**കേ**രളത്തിലെ കടൽ തീരങ്ങളും ആഗോള താപനത്തിന്റെ ഇരകളായി മാറുകയാണ്. കടലിന്റെ താണ്ഡവത്തിന് കാരണങ്ങൾ പലതാണ്. കടൽ തീരത്തോടു ചേർന്നുള്ള നിർമാണ പ്രവർത്തനങ്ങളാണ് ഇതിൽ പ്രധാനം. കേരളത്തിന്റെ കടൽത്തീരത്തെ 14 ഹാർബറുകൾ ഇതിലൊന്നാണ്. കടലിലെ ഒഴുക്കുകൾക്ക് ഇത് മാറ്റമുണ്ടാക്കുന്നു. എന്നാൽ, ഇതോടൊപ്പം കാലാവസ്ഥാ വ്യതിയാനങ്ങളും തീരങ്ങളുടെ തകർച്ചയിൽ നിർണായക പങ്കുവഹിക്കുന്നതായി ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു.

ഭൂമിയെ ചുട്ടുപൊള്ളിക്കുന്ന ആഗോളതാപനം സമുദ്രങ്ങളെയും അപകടത്തിലാക്കുകയാണ്. കടലിലെ താപനിലയും ഉയരുന്നു. ആഗോളതാപനം ധ്രുവങ്ങളിലെയും പർവതങ്ങളിലെയും മഞ്ഞ് ഉരുകിത്തീരുമ്പോൾ കടലിലെ ജലവിതാനം ഉയരുന്നു. കടൽ ജല പ്രവാഹങ്ങളുടെ ഗതിമാറ്റത്തിനും ഇത് ഇടയാക്കുന്നു. കേരളത്തിന്റെ തീരങ്ങളിൽ അനുദിനം രൂക്ഷമാകുന്നതിന് ആഗോള താപനംവലിയ പങ്കുവഹിക്കുന്നതായി ശാസത്രജ്ഞർ കരുതുന്നു.